©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13**<br>Vol. XIII | **തിരുവനന്തപുരം, വ്യാഴം**<br>Thiruvananthapuram, Thursday | **2024 ഫെബ്രുവരി 29**<br>29th February 2024<br>**1199 കുംഭം 16**<br>16th Kumbham 1199<br>**1945 ഫാൽഗുനം 10**<br>10th Phalguna 1945 | **നമ്പർ**<br>No. | **766** |

കേരള സർക്കാർ

**ആരോഗ്യവും കുടുംബക്ഷേമവും (എഫ്.ഡബ്ല്യൂ.) വകുപ്പ്**

വിജ്ഞാപനം

സ. ഉ. (പി) നമ്പർ 12/2024/ആ.കു.വ.

*തിരുവനന്തപുരം, 2024 ഫെബ്രുവരി 19*
*1199 കുംഭം 4.*

**എസ്. ആർ. ഒ. നമ്പർ 217/2024**

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരളത്തിലെ യോഗ, പ്രകൃതിചികിത്സാ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനങ്ങൾ പാലിക്കേണ്ടതായ നിലവാരം നിർണ്ണയിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2023-ലെ കേരള യോഗ, പ്രകൃതിചികിത്സ ക്ലിനിക്കൽ സ്ഥാപനങ്ങൾ (നിലവാരം നിർണ്ണയിക്കൽ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) "അനുബന്ധം" എന്നാൽ ഈ ചട്ടത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അനുബന്ധം എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, യഥാക്രമം, അവയ്ക്ക് ആക്റ്റിൽ നൽകപ്പെട്ടിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്.

3. യോഗ ആന്റ് നാച്ചുറോപതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നിർവചനങ്ങളും വർഗീകരണവും.—

**(1) ക്ലിനിക്:**—പരിശോധന, കസൾട്ടേഷൻ, ഔട്ട് പേഷ്യന്റ്മാർക്കുള്ള കുറിപ്പടി, പ്രകൃതിചികിത്സയിലും യോഗയിലും ഉള്ള ചികിത്സാരീതികൾ എന്നിവ നൽകുന്ന സ്ഥാപനത്തെ ഒരു ക്ലിനിക്കൽ സ്ഥാപനമായി നിർവചിക്കപ്പെടുന്നു. ഒന്നോ അതിലധികമോ ഡോക്ടർമാർക്ക് ഒരു ക്ലിനിക് നടത്താവുന്നതും എന്നാൽ ഒരു സമയത്ത് ഒരു ഡോക്ടർ മാത്രമേ ഉണ്ടാകൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(2) പോളിക്ലിനിക്:**—ആരോഗ്യപരിപാലനത്തിനും പൊതുവായ/നിർദ്ദിഷ്ട രോഗങ്ങളുടെ മാനേജ്മെന്റിനുമായി ആയുഷ് സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒന്നിലധികം ജനറൽ പ്രാക്ടീഷണർമാരോ ഒന്നോ അതിലധികമോ മെഡിസിൻ സിസ്റ്റങ്ങളുടെ സ്പെഷ്യലിസ്റ്റോ ഉള്ള ഒരു ക്ലിനിക്കൽ സ്ഥാപനമായി പോളി ക്ലിനിക്കിനെ നിർവചിക്കാം. പരിശോധന, കസൾട്ടേഷൻ, ഔട്ട് പേഷ്യന്റ്സിനു കുറിപ്പടി നൽകൽ, മരുന്ന് വിതരണം ചെയ്യൽ, പൊതുവായ പ്രത്യേക ചികിത്സാരീതികൾ എന്നിവ പോളിക്ലിനിക്കിൽ നൽകുന്നു.

**(3) ആശുപത്രി**:—ഒരു ആശുപത്രിയെ ഒരു ക്ലിനിക്കൽ സ്ഥാപനമായി നിർവചിക്കാവുന്നതും അവിടെ രോഗികൾക്ക് 24 മണിക്കൂറിൽ കൂടുതൽ ആരോഗ്യസംരക്ഷണത്തിനോ, പൊതുവായതും സ്പെഷ്യാലിറ്റി ചികിത്സയ്ക്കോ വേണ്ടിയുള്ള ഐ.പി പരിചരണം വാഗ്ദാനം ചെയ്യുന്ന സപ്പോർട്ടീവ് സേവനങ്ങൾ, ജനറൽ പ്രാക്ടീഷണർ/സ്പെഷ്യലിസ്റ്റുകൾ എന്നിവരുടെ മേൽനോട്ടത്തിൽ നൽകുന്നതുമാണ്. ആശുപത്രിയിൽ പ്രവേശനത്തിനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കും. കൂടാതെ രോഗനിർണ്ണയ സൗകര്യങ്ങളോടെയോ അല്ലാതെയോ സ്ഥാപനം നടത്താവുന്നതാണ്.

**(4) വെൽനെസ്സ് സെന്റർ**:—വെൽനെസ്സ് സെന്റർ എന്നാൽ ഒരു ക്ലിനിക്കൽ സ്ഥാപനം ആകുന്നതും അവിടെ ഫിറ്റ്നസ്സ്, വ്യക്തിഗതപരിശീലനം, പോഷകാഹാര കൗൺസിലിംഗ്, എനർജി മെഡിസിൻ, ആരോഗ്യം, ഫിറ്റ്നസ്സ് എന്നിവ ഒന്നോ അതിലധികമോ മെഡിക്കൽ പ്രാക്ടീഷണർമാർ നൽകിവരുന്നതുമാണ്.

**(5) യോഗ തെറാപ്പി ക്ലിനിക്**:—യോഗ തെറാപ്പി ക്ലിനിക് എന്നാൽ ഡോക്ടർമാരുടെ പരിശോധന, കൺസൾട്ടേഷൻ, യോഗരീതികളുടെ കുറിപ്പടി, എന്നിവ നൽകുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം എന്ന് അർത്ഥമാകുന്നു.

**(6) എനർജി മെഡിസിൻ**:—എനർജി മെഡിസിൻ എന്നാൽ അക്യുപങ്ചർ, അക്യുപ്രഷർ, റിഫ്ളക്സോളജി, കപ്പിംഗ് തെറാപ്പികളിലെ തത്വശാസ്ത്രം, രീതികൾ, നടപടിക്രമങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള പരിശോധന, കസൾട്ടേഷൻ, കുറിപ്പടി എന്നിവ നൽകുന്ന മെഡിക്കൽ സ്ഥാപനം ആകുന്നു.

4. യോഗ നാച്ചുറോപ്പതി ക്ലിനിക്കും അവ പാലിക്കേണ്ടതായ നിലവാരങ്ങളും**.—**

**(1) നിർവചനം:—**(എ) ഡയറ്റ്, ന്യൂട്രാസ്യൂട്ടിക്കൽസ്, പ്രോ ബയോട്ടിക് മരുന്നുകൾ, ഹെർബൽ മെഡിസിനുകൾ, ജനറൽ പ്രാക്ടീഷണർമാർ/സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അവശ്യ പ്രകൃതിചികിത്സാ, ഊർജ്ജചികിത്സാരീതികൾ എന്നിവ നൽകുതുൾപ്പെടെ ഔട്ട് പേഷ്യന്റുകൾക്ക് പരിശോധന, കസൾട്ടേഷൻ, കുറിപ്പടി എന്നിവ നൽകു ഒരു ക്ലിനിക്കൽ സ്ഥാപനമായി ക്ലിനിക്കിനെ നിർവചിക്കാം. ഒന്നോ അതിലധികമോ ഡോക്ടർമാക്ക് ഒരു ക്ലിനിക് നടത്താവുന്നതും എന്നാൽ ഒരു

സമയത്ത് ഒരു ഡോക്ടർ മാത്രമേ ഉണ്ടാകുവാൻ പാടുള്ളതുമാകുന്നു. നാച്യുറോപ്പതിക് മെഡിസിൻ, തെറാപ്പ്യൂട്ടിക് യോഗ, എനർജി മെഡിസിൻ, മാനിപ്പുലേഷൻ ചികിത്സ, ബാൻഡേജിംഗ്, മുറിവ്, ഡ്രസ്സിംഗ്, പ്രഥമ ശുശ്രൂഷ മുതലായവയിലെ ചെറിയ നടപടി ക്രമങ്ങളും, കിടത്തി ചികിത്സ ആവശ്യമല്ലാത്ത രീതികളും ഒരു ക്ലിനിക്കിൽ നൽകേണ്ടതും പ്രകൃതിചികിത്സയും യോഗാചികിത്സയും ഡോക്ടറുടെ മേൽനോട്ടത്തിൽ നൽകേണ്ടതുമാണ്.

(ബി) ആയുഷ് അല്ലെങ്കിൽ വെസ്റ്റേൺ മെഡിസിനിലെ മറ്റ് സംവിധാനം വാഗ്ദാനം ചെയ്യുന്ന പോളി ക്ലിനിക്കിന്റെ ഭാഗമായി യോഗ നാച്ചുറോപ്പതി കൺസൾട്ടേഷനും കൂടാതെ അല്ലെങ്കിൽ ചികിത്സയും (ബാച്ചിലർ ഓഫ് നാച്യുറോപ്പതി ആന്റ് യോഗിക് സയൻസ്) മിനിമം യോഗ്യതയുള്ള ഒരു ഡോക്ടർ വാഗ്ദാനം ചെയ്യേണ്ടതാണ്.

**(2) ഒരു ഔട്ട് പേഷ്യന്റ് ക്ലിനിക്കിന്റെ ഓപ്ഷണൽ വകുപ്പുകൾ:—**(i) അടിസ്ഥാന പ്രകൃതിചികിത്സയിൽ ആണിനും പെണ്ണിനുമുള്ള ചികിത്സാ വിഭാഗങ്ങൾ, കൂടാതെ യോഗ ചികിത്സാ രീതികളും;

(ii) ഫിസിയോ തെറാപ്പി യൂണിറ്റ്;

(iii) യോഗാ ഹാൾ;

(iv) ഡയറ്റ് സെന്റർ;

(v) ഹെൽത്ത് ഷോപ്പ്;

(vi) ലൈബ്രറിയും വായനശാലകളും.

**(3) വ്യാപ്തി:—**(i) ഈ നിലവാരങ്ങൾ ഒരു ക്ലിനിക്കിന്, അല്ലെങ്കിൽ ഒന്നിലധികം ഫിസിഷ്യന്മാർ, അല്ലെങ്കിൽ കൺസൾട്ടേഷൻ, മരുന്നുകൾ വിതരണം ചെയ്യൽ, അവശ്യ ചികിത്സാരീതികൾ ചെയ്യുന്നത് പോലുള്ള രോഗീ പരിചരണ സേവനങ്ങൾ നൽകുന്ന സ്പെഷ്യലിസ്റ്റുകൾ;

(ii) ഒന്നോ അതിലധികമോ ഡോക്ടർമാരോ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റുകളോ ഔട്ട് പേഷ്യന്റ്സിന് പരിശോധന, കസൾട്ടേഷൻ, കുറിപ്പടി നൽകൽ, ഡയറ്റ്, ഹെർബൽ മരുന്നുകൾ വിതരണം ചെയ്യൽ, അവശ്യ ചികിത്സാരീതികൾ ചെയ്യൽ തുടങ്ങിയ രോഗീപരിചരണ സേവനങ്ങൾ നൽകുന്ന;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) ആരോഗ്യവിദ്യാഭ്യാസം, ആരോഗ്യപ്രോത്സാഹനം, രോഗപ്രതിരോധം എന്നിവയ്ക്കുള്ള ഉപദേശം നൽകുന്ന;

(iv) ആരോഗ്യസേവനങ്ങൾ നൽകുന്ന;

(vi) താഴെപറയുന്ന ഒന്നിൽ കൂടുതൽ സ്പെഷ്യാലിറ്റികൾ വാഗ്ദാനം ചെയ്യുന്ന;

(എ) യോഗ ചികിത്സ;

(ബി) ഡയറ്റ് & ന്യൂട്രീഷൻ ക്ലിനിക്;

(സി) ഹെർബൽ മരുന്നുകളും ന്യൂട്രാസ്യൂട്ടിക്കൽസും;

(ഡി) എനർജി മെഡിസിൻ ക്ലിനിക്;

(ഇ) പെയിൻ & പാലിയേറ്റീവ് ക്ലിനിക്കുകൾ;

(എഫ്) പ്രസവാനന്തര ക്ലിനിക്കുകൾ;

(ജി) ജീവിതശൈലീ ക്ലിനിക്കുകൾ;

(എച്ച്) വെൽനെസ്സ് അല്ലെങ്കിൽ പ്രിവന്റീവ് ക്ലിനിക്കുകൾ;

(ഐ) വന്ധ്യതാ ക്ലിനിക്;

(ജെ) പുനരധിവാസ, പുനരുജ്ജീവന ക്ലിനിക്;

(കെ) കോസ്മെറ്റോളജി ക്ലിനിക്;

(എൽ) സാംക്രമികേതര രോഗ ക്ലിനിക്ക്; എന്നീ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ബാധകമാണ്.

**(4) അടിസ്ഥാനസൗകര്യങ്ങൾ:—**(i) രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും, ജീവനക്കാർക്കും സന്ദർശകർക്കും സുരക്ഷിതമായ അന്തരീക്ഷം പ്രദാനം ചെയ്യേണ്ടതും ഇൻഫ്രാ-സ്ട്രക്ചർ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതും വൃത്തിയുള്ള ചുറ്റുപാടുകളുള്ള ഒരു സ്ഥലത്ത് സ്ഥാപനം സ്ഥിതി ചെയ്യേണ്ടതും, കാലാകാലങ്ങളിൽ പ്രബല്യത്തിൽ ഉള്ള പ്രാദേശിക നിയമങ്ങൾ പാലിക്കേണ്ടതുമാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

'(ii) ക്ലിനിക് നന്നായി പ്രകാശമുള്ളതും, വായു സഞ്ചാരമുള്ളതും , ആവശ്യത്തിന് ജലവിതരണമുള്ളതും, വൃത്തിയുള്ളതുമായിരിക്കേണ്ടതാണ്;

(iii) ക്ലിനിക്കിന്റെ ഗേറ്റിലോ കെട്ടിടത്തിലോ ക്ലിനിക്കിന്റെ പേരും സ്ഥലത്തിന്റെ പേരും പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിക്കുന്ന ഒരു പ്രമുഖ ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്;

(iv) താഴെപറയുന്ന മറ്റ് അടയാളങ്ങൾ പ്രാദേശികഭാഷയിൽ പ്രദർശിപ്പിക്കേണ്ടതാണ്;

(എ) ഡോക്ടർമാരുടെ പേര്, യോഗ്യത, രജിസ്ട്രേഷൻ നമ്പർ;

(ബി) ക്ലിനിക്കുകളുടെ സമയം;

(സി) ബന്ധപ്പെടാനുള്ള നമ്പർ;

(ഡി) സ്ഥാപനത്തിനുള്ളിൽ നൽകുന്ന സേവനങ്ങൾ.

(V) അടിസ്ഥാന സൗകര്യങ്ങളുടെ പട്ടിക അനുബന്ധം 1 -ൽ നൽകിയിട്ടുണ്ട്.

**(5) ഫർണിച്ചറുകളും ഉപകരണങ്ങളും:**—(i) ക്ലിനിക്കിന്റെ പ്രവർത്തനങ്ങളും ജോലി ആവശ്യകതകളും അനുസരിച്ച് ഫർണിച്ചറുകളും ചികിത്സാ ഉപകരണങ്ങളും ലഭ്യമാക്കേണ്ടതാണ്:

(ii) ഫർണിച്ചറുകളും ചികിത്സാ ഉപകരണങ്ങളും എപ്പോഴും പ്രവർത്തനക്ഷമമായിരിക്കേണ്ടതാണ്. ഫർണിച്ചറുകളുടെ സൂചിക, പട്ടിക അനുബന്ധം 2 ൽ നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ സൂചക പട്ടിക അനുബന്ധം 4 ൽ നൽകിയിട്ടുണ്ട്.

**(6) മാനവിക വിഭവശേഷി:**—(i) ക്ലിനിക്കിന്റെ വ്യാപ്തി അനുസരിച്ച് ഡോക്ടർ/ഡോക്ടർമാർ സംസ്ഥാന/കേന്ദ്ര മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്;

(ii) പൊതുമേഖലയിൽ അത് സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കണം;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) അടിസ്ഥാനപരമായി ആവശ്യമായിട്ടുള്ള മാനവിക വിഭവശേഷി അനുബന്ധം 3 ൽ നൽകിയിട്ടുണ്ട്;

(iv) ഡോക്ടർമാർ നൽകുന്ന സേവനങ്ങൾ അവരുടെ യോഗ്യതയ്ക്ക് അനുസൃതമായിരിക്കേണ്ടതാണ്.

**(7) നിയമപരമായ ആവശ്യകതകൾ:—** (i) കേന്ദ്ര/സംസ്ഥാന മെഡിക്കൽ കൗൺസിലിൽ ഡോക്ടർ/ഡോക്ടർമാരുടെ രജിസ്ട്രേഷൻ നിർബന്ധമാണ്;

(ii) നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് മാലിന്യങ്ങൾ സംസ്കരണവും കൈകാര്യവും ചെയ്യേണ്ടതാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡ് രജിസ്ട്രേഷൻ ബയോമെഡിക്കൽ വെയ്സ്റ്റ് ജനറേറ്റിംഗ് ക്ലിനിക്കിന് ആവശ്യമാണ്.

**(8) റെക്കോർഡ് മെയിന്റനൻസും റിപ്പോർട്ടിംഗും:—**(i) ഓരോ ക്ലിനിക്കൽ സ്ഥാപനവും ചികിത്സിച്ച രോഗികളുടെ മെഡിക്കൽ റെക്കോർഡുകളും ആരോഗ്യവിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും സൂക്ഷിക്കുകയും അധികാരികൾ ആവശ്യപ്പെടുകയാണെങ്കിൽ അത് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്;

(ii) എല്ലാ രേഖകളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും പകർപ്പുകൾ ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അല്ലെങ്കിൽ 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് അനുസരിച്ചോ ഒരു നിശ്ചിത കാലയളവിലേക്ക് ബന്ധപ്പെട്ട ക്ലിനിക്കൽ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്;

(iii) എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും അടിയന്തിര സമയങ്ങളിലോ ദുരന്തങ്ങളിലോ പകർച്ചവ്യാധികൾ ഉണ്ടാകുമ്പോഴോ അല്ലെങ്കിൽ അധികാരികൾ ആവശ്യപ്പെടുമ്പോഴോ കാലാകാലങ്ങളിൽ ആവശ്യമായ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും സമർപ്പിക്കുന്നതിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്;

(iv) ചികിത്സാരേഖകളും രജിസ്റ്ററുകളും അനുബന്ധം 5 ൽ കാണുക.

**(9) അടിസ്ഥാനപ്രക്രിയ:—**(i) ക്ലിനിക് സന്ദർശിക്കുന്ന ഓരോ രോഗിയുടേയും വിശദാംശങ്ങൾ രേഖപ്പെടുത്തുകയും രജിസ്റ്റർ ചെയ്യുകയും വേണം;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) ഓരോ രോഗിയും പരിശോധനയ്ക്ക് വിധേയരാകുകയും തുടർ കണ്ടെത്തലുകൾ, പരിശോധന വിശദാംശങ്ങൾ, മരുന്ന്, ചികിത്സാ നടപടിക്രമങ്ങൾ, എന്നിവ രോഗനിർണയത്തോടൊപ്പം രേഖപ്പെടുത്തേണ്ടതും തീയതിയോടെ കൺസൾട്ടന്റിന്റെ ഒപ്പ് സഹിതം പരിശോധന /ഒ.പി.ഡി. കുറിപ്പടിയിൽ വ്യക്തമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(iii) മരുന്നുകൾ ഡോക്ടറുടെ മേൽനോട്ടത്തിൽ വിതരണം ചെയ്യേണ്ടതാണ്.

**അനുബന്ധം - 1**

[ചട്ടം 4(4) (v) കാണുക]

**അടിസ്ഥാന സൗകര്യങ്ങൾ**

| ക്രമ നമ്പർ | സ്ഥാനം | പ്രദേശം ആവശ്യമായ | പരാമർശങ്ങൾ |
|---|---|---|---|
| 1 | കൺസൾട്ടേഷൻ റൂം | 10 ച.മീ. | വേണ്ടത്ര വെളിച്ചം, വെന്റിലേഷൻ ഒപ്പം സ്വകാര്യത ഉറപ്പാക്കണം |
| 2 | പൊതുമേഖല (ഓപ്ഷണൽ) സ്വീകരണസ്ഥലം, വിതരണം ചെയ്യു സ്ഥലം | | |
| 7 ച. മീ. | ആവശ്യത്തിന് വെളിച്ചം, വെന്റിലേഷൻ ഉറപ്പാക്കുക, | | |

കുറിപ്പ്:—

1. സ്വീകരണം, കാത്തിരിപ്പ്, കൺസൾട്ടേഷൻ റൂം, സംഭരണം തുടങ്ങിയവ ക്ലിനിക്കിന്റെ ആവശ്യത്തിനും ജോലിഭാരത്തിനും പര്യാപ്തമാക്കേണ്ടതാണ്.

2. ഡിസ്പെൻസിംഗ് ഏരിയ, കൺസൾട്ടിംഗ് ഏരിയയിൽ നിന്നും വെയിറ്റിംഗ് ഏരിയയിൽ നിന്നും, വേർതിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അനുബന്ധം - 2**

(ചട്ടം 4(5) (ii) കാണുക)

**ഫർണിച്ചറുകൾ**

| ക്രമ നമ്പർ | ഇനം | ആവശ്യകതകൾ |
|---|---|---|
| 1 | കൺസൽട്ടേഷൻ ടേബിൾ | 1 |
| 2 | ഡോക്ടർക്കുള്ള കസേര | 1 |
| 3 | കാത്തിരിപ്പ് കേന്ദ്രത്തിൽ രോഗികൾക്കുള്ള കസേരകൾ | 1 |
| 4 | രോഗി/അറ്റന്റർമാർക്കുള്ള കസേരകൾ | 1 |
| 5 | ഡയറ്റ് തെറാപ്പിക്ക് ആവശ്യമായ ഫർണിഷിംഗ് | ലഭ്യത അനുസരിച്ച് |
| 6 | മരുന്ന് വിതരണത്തിന് മതിയായ ഫർണിച്ചറുകൾ | ലഭ്യത അനുസരിച്ച് |
| 7 | സ്പെഷ്യാലിറ്റി സേവനങ്ങൾക്കുള്ള സ്ഥലം | വ്യാപ്തി അനുസരിച്ച് |

**അനുബന്ധം - 3**

**മാനവിക വിഭവശേഷി**

[ചട്ടം 4 (6) (ii) കാണുക]

| ക്രമ നമ്പർ | പോസ്റ്റിന്റെ പേര് | ഏറ്റവും കുറഞ്ഞ ആവശ്യകത |
|---|---|---|
| 1 | ഡോക്ടർ | 1 |
| 2 | സഹായി | 1-ഓപ്ഷണൽ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം - 4
## ഉപകരണങ്ങൾ
(ചട്ടം 4 (5) (ii) കാണുക)

| ക്രമ നമ്പർ | ഉപകരണത്തിന്റെ പേര് കുറഞ്ഞ സ്പെസിഫിക്കേഷൻ | ഉപകരണങ്ങളുടെ എണ്ണം |
|---|---|---|
| 1 | സ്റ്റെതസ്കോപ്പ് | 1 |
| 2 | തെർമോമീറ്റർ | 1 |
| 3 | ടോർച്ച് (ഫ്ളാഷ് ലൈറ്റ്) | 1 |
| 4 | സ്ഫിഗ്മോമാനോമീറ്റർ | 1 |
| 5 | വെയിംഗ് മെഷീൻ | 1 |

## അനുബന്ധം - 5
## രജിസ്റ്ററുകൾ
(ചട്ടം 4(8) (iv) കാണുക)

| ക്രമ നമ്പർ | രജിസ്റ്ററിന്റെ പേര് | ഏറ്റവും കുറഞ്ഞ ആവശ്യകത |
|---|---|---|
| 1 | ഒ.പി രജിസ്റ്റർ | 1 |
| 2 | ചികിത്സാ രജിസ്റ്റർ | 1 |

5. <u>യോഗ നാച്ചുറോപ്പതി ആശുപത്രികളും അവ പാലിക്കേണ്ടതായ നിലവാരങ്ങളും.—</u>

**(1) നിർവ്വചനം:—**രോഗികൾക്ക് 24 മണിക്കൂറിൽ കൂടുതൽ ആരോഗ്യസംരക്ഷണത്തിനോ, ജനറൽ സ്പെഷ്യാലിറ്റി ചികിത്സയ്ക്കോ വേണ്ടിയുള്ള പരിചരണം വാഗ്ദാനം ചെയ്യുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം ആയിരിക്കും ആശുപത്രി. ആശുപത്രിയിൽ രോഗിയെ പ്രവേശിപ്പിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതും കൂടാതെ രോഗനിർണയ സൗകര്യങ്ങളോടെയോ അല്ലാതെയോ സ്ഥാപനം നടത്താവുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(2) വ്യാപ്തി:—**ഓരോ ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾക്കനുസരിച്ചുള്ള നിലവാരങ്ങൾ അതത് സ്ഥാപനങ്ങൾക്ക് ബാധകമാണ്. ഉദാഹരണത്തിന് ഒരു പോളിക്ലിനിക്കിന് വേണ്ടിയുള്ള നിലവാരങ്ങൾ ഒരു പോളിക്ലിനിക്കിന് മാത്രം ബാധകമാണ്. ഒരു സ്പെഷ്യാലിറ്റി ആശുപത്രിക്ക് ബാധകമല്ല. ഇൻഡോർ പരിചരണത്തിനായി കിടക്കകളുള്ള ഹെൽത്ത്കെയർ ഫെസിലിറ്റിയും രോഗികളെ നിരീക്ഷിക്കാനും ചികിത്സിക്കാനുമുള്ള യോഗ്യത ബിരുദധാരിയായ അതായത് (BNYS) ബന്ധപ്പെട്ട വൈദ്യശാസ്ത്രത്തിൽ പരിശീലനം നേടിയ പ്രകൃതിചികിത്സ ഡോക്ടറിനാണ്.

**(3) റെക്കോർഡ് മെയിന്റനൻസും റിപ്പോർട്ടിംഗും:—**(i) ആവശ്യമായ അഡ്മിനിസ്ട്രേറ്റീവ്, മെഡിക്കൽ റെക്കോർഡുകൾ ആശുപത്രി അധികൃതർ പരിപാലിക്കേണ്ടതാണ്.

(ii) എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അടിയന്തരാവസ്ഥയിലോ ദുരന്തത്തിലോ പകർച്ച വ്യാധി സാഹചര്യത്തിലോ അല്ലെങ്കിൽ അധികാരികൾ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന സമയത്തോ വിവരങ്ങളുടെയും സ്ഥിതി വിവരക്കണക്കുകളുടെയും രേഖകൾ നൽകാൻ ബാധ്യസ്ഥരാണ്.

(iii) മെഡിക്കൽ റെക്കോർഡുകൾ ഫിസിക്കൽ അല്ലെങ്കിൽ ഡിജിറ്റൽ ഫോർമാറ്റിൽ സൂക്ഷിക്കേണ്ടതാണ്.

(iv) ആശുപത്രി രേഖകളുടെ രഹസ്യാത്മകതയും സുരക്ഷയും സമഗ്രതയും ഉറപ്പാക്കേണ്ടതാണ്.

(v) ഐ.പി.ഡി രോഗികളുടെ മെഡിക്കൽ രേഖകൾ ദേശീയ അല്ലെങ്കിൽ പ്രാദേശിക നിയമങ്ങൾക്കും കോടതി ഉത്തരവുകൾക്കും അനുസൃതമായി സൂക്ഷിക്കേണ്ടതാണ്. ആവശ്യമായ സേവനം/സൗകര്യം ലഭ്യമാക്കാൻ സാധിക്കാത്ത രോഗികൾ ഒഴികെ, ആശുപത്രി സന്ദർശിക്കുന്ന എല്ലാ രോഗികളുടെയും വിവരം ആശുപത്രി രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യണം. സേവനസൗകര്യം ലഭ്യമാക്കാൻ സാധിക്കാത്ത രോഗികളെ ഉചിതമായ അടുത്തുള്ളആശുപത്രി സൗകര്യത്തിലേക്ക് റഫർ ചെയ്യേണ്ടതാണ്.

(vi) രോഗികളുടെ അവകാശങ്ങളും, ഉത്തരവാദിത്തങ്ങളും, ചെലവ് കണക്കുകൾ, തേർഡ് പാർട്ടി സേവനങ്ങൾ (ഉദാ. ഇൻഷുറൻസ്)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുതലായവയെക്കുറിച്ച് രോഗിയെ ഗൈഡ് ചെയ്യുകയും അറിയിക്കുകയും വേണ്ടതാണ്.

(vii) ഓരോ രോഗിയേയും പരിശോധനയ്ക്ക് വിധേയരാക്കേണ്ടതാണ്. പരിശോധന വേളയിൽ രോഗിയുടെ കണ്ടെത്തലുകൾ, മരുന്നുകൾ, അന്വേഷണങ്ങൾ എന്നിവ വർക്കിംഗ് ഡയഗ്നോസിസ് ഉപയോഗിച്ച് രേഖപ്പെടുത്തണം. ആയതിൽ ഡോക്ടറുടെ ഒപ്പ് ഉണ്ടാകണം.

(viii) കിടക്കകൾ ലഭ്യമല്ലാത്ത സാഹചര്യത്തിലോ, ക്ലിനിക്കൽ അടിയന്തിരാവസ്ഥയിലോ, രോഗിയെ മറ്റൊരുസൗകര്യത്തിലേക്ക് റഫർ ചെയ്യണം. ആവശ്യമായ ക്ലിനിക്കൽ വിവരങ്ങൾ/കുറിപ്പുകൾ/ഡിസ്ചാർജ്ജ് സമ്മറി/റഫറൽ കത്ത് എന്നിവയും ഒപ്പം നൽകേണ്ടതാണ്.

**(4) അടിസ്ഥാന നിർബന്ധിത അടയാളം (സൈനേജ്)**:— താഴെപ്പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സൈനേജ് ആശുപത്രിക്ക് അകത്തോ പുറത്തോ ലഭ്യമാക്കണം. രോഗികൾക്കും സന്ദർശകർക്കും വേണ്ടിയുള്ള എല്ലാ വിവരണങ്ങളും ദ്വിഭാഷകളായിരിക്കണം. പ്രാദേശിക ഭാഷ ഹിന്ദി/ഇംഗ്ലീഷ്.

(i) രജിസ്ട്രേഷൻ നമ്പരുള്ള കെയർ പ്രൊവൈഡറുടെ പേര്;

(ii) ഡോക്ടർമാരുടെ പേര്, പദവി, രജിസ്ട്രേഷൻ നമ്പർ;

(iii) ഫീസ് ഘടന;

(iv) ഒ.പി.ഡി, എമർജൻസി മുതലായവയുടെ താരിഫ് ലിസ്റ്റ് പ്രദർശിപ്പിക്കുക;

(v) ഒ. പി. ഡി. യിലും എമർജൻസിയിലും സേവന ലഭ്യതയുടെ സമയം;

(vi) ഒ.പി.ഡി. യിലെ കൺസൾട്ടന്റുമാരുടെ സ്പെഷ്യലൈസേഷനും പേരും, ഒ.പി. ഡി. യുടെ സമയക്രമവുമടങ്ങുന്ന ഡിസ്പ്ലേയും;

(vii) നൽകുന്ന/ലഭ്യമാക്കുന്ന സേവനങ്ങൾ;

(viii) രോഗികകളുടെ അവകാശങ്ങളും ഉത്തരവാദിത്വവും;

(ix) സേവനത്തിന്റെ വ്യാപ്തി അഥവാ സ്കോപ്പ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(x) പ്രധാനകവാടത്തിൽ എമർജൻസി, ഒ.പി.ഡി. ടോയിലറ്റുകൾ, കുടിവെള്ളം, ടെലിഫോൺ ബൂത്തുകൾ, കടകൾ തുടങ്ങിയ യൂട്ടിലിറ്റികൾക്കും സൗകര്യങ്ങൾക്കുമായി രോഗികൾക്കുള്ള ദിശാ സൂചനകൾ;

(xi) കെട്ടിടത്തിനുള്ളിലെ എല്ലാ വകുപ്പുകൾക്കും ആശുപത്രി കെട്ടിടത്തിനുള്ളിൽ ദിശാസൂചനകൾ;

(xii) ഓരോ ഏരിയ/റൂം/ കൗണ്ടർ -ഓരോന്നിന്റെയും ഏര്യയുടെ പേര് പ്രദർശിപ്പിക്കുക;

(xiii) ആശുപത്രിയിലെ വിവിധ കവാടങ്ങളിൽ ആശുപത്രി ലേ ഔട്ടിന്റെ പ്രദർശനം;

(xiv) ഒ.പി.ഡി., എമർജൻസി, ക്യാമ്പസ് എന്നിവയിൽ ആശുപത്രിയുടെ സേവനങ്ങളുടെ വ്യാപ്തി പ്രദർശിപ്പിക്കുക;

(xv) വകുപ്പുകളുടെ സ്ഥാനത്തോടുകൂടിയ ഫ്ളോർ പ്ലാൻ;

(xvi) സൗകര്യത്തിന്റെ പദ്ധതി;

(xvii) ഉപയോഗങ്ങൾ : വകുപ്പുകൾ, ഒ.പി.ഡി. & ഐ.പി.ഡി. റൂം & വാർഡ്, കാത്തിരിപ്പ് കേന്ദ്രങ്ങൾ;

(xviii) അഗ്നിസുരക്ഷാ പദ്ധതി.

**(5) രജിസ്ട്രേഷന് യോഗ്യത നേടുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങളും സ്പെസിഫിക്കേഷനും:—**(i) ആശുപത്രികളും മറ്റ് ആരോഗ്യസൗകര്യങ്ങളും ആസൂത്രണം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുന്നതിനായി രൂപകൽപ്പന ചെയ്യണം. നിർദ്ദിഷ്ട ഫംഗ്ഷണൽ പ്രോഗ്രാമുകൾ പാലിക്കുക, പ്രകൃതിചികിത്സയുടെയും യോഗ പ്രൊഫഷണൽ പരിശീലനത്തിന്റെയും ഭാഗമായി ബാധകമായ കോഡുകൾക്ക് അനുസൃതമായി രജിസ്റ്റർ ചെയ്യുക.

(ii) പ്രകൃതി ചികിത്സയും യോഗ ആശുപത്രിയും അതിന്റെ മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടെ അക്രഡിറ്റേഷൻ ഉൾക്കൊള്ളുന്ന കുറഞ്ഞ കാലയളവിലേക്ക് (അതായത് 3 വർഷത്തേക്ക്) ഉടമസ്ഥയിലുള്ളതോ പാട്ടത്തിനെടുത്തതോ ആയിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) ആശുപത്രി കെട്ടിടം സ്ഥിര സ്വഭാവമുള്ളതും നല്ല ഘടനയുള്ളതും ആവശ്യമായ ലൈസൻസ് ഉള്ളതുമായിരിക്കണം.

(iv) ഒരൊറ്റ ഉടമസ്ഥാവകാശത്തിൽ നടത്തുന്ന ആശുപത്രി, അതല്ല പങ്കാളിത്തം, ട്രസ്റ്റ് അല്ലെങ്കിൽ കോർപ്പറേറ്റ് മേഖല എന്നിവ നടത്തു ആശുപത്രികൾക്കും, ആശുപത്രിയുടെ ഉടമസ്ഥാവകാശം അപേക്ഷകന്റെ പക്കലാണെങ്കിൽ രജിസ്ട്രേഷന് അർഹതയുണ്ട്. പങ്കാളിത്തമാണെങ്കിൽ, പങ്കാളികളുടെ പേരും വിലാസവും നൽകണം. എല്ലാ പങ്കാളികളും അപേക്ഷയിൽ ഒപ്പിടണം. ട്രസ്റ്റിന്റെ മെമ്മോറാണ്ടവും മാനേജിംഗ് ബോഡിയുടെ ലിസ്റ്റും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ബൈലോകളുടെ പകർപ്പ്, കഴിഞ്ഞ 3 വർഷത്തെ അക്കൗണ്ടുകളുടെ ഓഡിറ്റ് ചെയ്ത പ്രസ്താവന, പ്രവർത്തന റിപ്പോർട്ട് എന്നിവ നൽകണം.

(v) ആശുപത്രിയുടെ പേരിലുള്ള പാൻ/ടിൻ നമ്പറിന്റെ പകർപ്പ് നൽകണം.

(vi) ഫീഡ്ബാക്ക് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്ന ഒരു സംവിധാനത്തിന് ആശുപത്രി സമ്മതിക്കണം. നിരീക്ഷണസംവിധാനവും മെഡിക്കൽ ഓഡിറ്റ് സംവിധാനവും ഉണ്ടാകണം.

(vii) രജിസ്ട്രേഷന് അപേക്ഷിക്കു ആശുപത്രിയിൽ രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണർമാർ, പ്രകൃതിചികിത്സയും യോഗയും ഉണ്ടായിരിക്കണം.

(viii) രജിസ്ട്രേഷനായി അപേക്ഷിക്കുന്ന എല്ലാ ആശുപത്രികളിലും രോഗികളെ പ്രവേശിപ്പിക്കുന്നതിനും ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ചികിത്സ നൽകുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

(ix) എല്ലാ ആശുപത്രികളിലും റസിഡൻഷ്യൽ മെഡിക്കൽ ഓഫീസർ ഉണ്ടായിരിക്കണം (യോഗ & നാച്ചുറോപ്പതി) .

(x) സ്റ്റാന്റേർഡ് പോളിസികളും നടപടിക്രമങ്ങളും പാലിക്കണം.

(xi) ആശുപത്രിയിൽ ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ്, അത്യാഹിത രോഗികൾ എന്നിവരെ സംബോധന ചെയ്യുന്ന നയങ്ങളും നടപടിക്രമങ്ങളും വ്യക്തമായി തയ്യാറാക്കിയിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xii) ആശുപത്രിയിൽ വ്യക്തമായി രൂപപ്പെടുത്തിയ നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടായിരിക്കണം. അസ്ഥിരരായ രോഗികളെ ഉചിതമായ രീതിയിൽ മറ്റൊരു സൗകര്യത്തിലേയ്ക്ക് മാറ്റേണ്ടതാണ്. രോഗിയുടെ രോഗാവസ്ഥയുടെ സമ്മറിയും നൽകുക. ഇതിനോടനുബന്ധിച്ച് നടത്തിയ അന്വേഷണങ്ങളും ചികിത്സകളുടെയും റിപ്പോർട്ടും കൂടെ നൽകേണ്ടതാണ്.

(xiii) ഒരു സാധാരണ കേസ് ഫയലിന്റെ രൂപത്തിൽ ആശുപത്രിയിൽ വ്യക്തമായി രേഖപ്പെടുത്തപ്പെട്ട നടപടിക്രമം വിലയിരുത്തലുകൾ/ശാരീരിക പരിശോധനകൾ, അന്വേഷണങ്ങൾ, പോഷകാഹാര ആവശ്യകതകൾ, പരിചരണ പദ്ധതികൾ (ചികിത്സകൾ, ഡയറ്റ് കുറിപ്പ്, യോഗാ പരിശീലനം) എന്നിവ ഉണ്ടായിരിക്കണം.

(xiv) ഒരു സാധാരണ ഡിസ്ചാർജ്ജ് സമ്മറി നൽകുന്ന രീതി ആശുപത്രിയിൽ ഉണ്ടായിരിക്കണം. ഉചിതമായതും യോഗ്യതയുള്ളതുമായ മെഡിക്കൽ ഓഫീസർ ഒപ്പിട്ട് സമ്മറിയിൽ തീയതിയും സമയവും പ്രവേശനത്തിനുള്ള കാരണങ്ങളും അടങ്ങിയിരിക്കണം. കൂടാതെ കണ്ടെത്തലുകളും രോഗനിർണ്ണയവും, ഡിസ്ചാർജ്ജ് സമയത്തെ രോഗിയുടെ അവസ്ഥയും അന്വേഷണ ഫലങ്ങൾ, പ്രൊസീജിയറിന്റെയും നൽകിയ മരുന്നിന്റെയും, മറ്റു ചികിത്സയും തുടർന്ന് പാലിക്കേണ്ട ഉപദേശങ്ങളും,അഭ്യസിക്കേണ്ട യോഗയും മനസ്സിലാകുംവിധം അടങ്ങിയിരിക്കണം.

(xv) ഹോസ്പിറ്റൽ മാനേജ്മെന്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയമങ്ങളും ചട്ടങ്ങളും പാലിക്കേണ്ടതാണ്.

(xvi) കുടിവെള്ളവും വൈദ്യുതിയും മുഴുവൻ സമയവും ലഭ്യമായിരിക്കണം.

(xvii) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മെഡിക്കൽ പ്രൊഫഷണലുകളെ ആയിരിക്കണം ആശുപത്രിയിൽ റിക്രൂട്ട് ചെയ്യേണ്ടത്. വിദ്യാഭ്യാസം, രജിസ്ട്രേഷൻ, പരിശീലനം, മെഡിക്കൽ പ്രൊഫഷണലുകളുടെ അനുഭവ പരിചയം എന്നിവ കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യണം.

(xviii) രോഗിയുടെ ക്ലിനിക്കൽ രേഖകളും ഡാറ്റയും വിവരങ്ങളും സൂക്ഷിക്കുന്നതിനുള്ള ഡോക്യുമെന്റ് പോളിസികളും നപടിക്രമങ്ങളും ആശുപത്രിയിൽ ഉണ്ടായിരിക്കണം. കൂടാതെ നടപടിക്രമങ്ങൾ പ്രാദേശികവും ദേശീയവുമായ ചട്ടങ്ങൾക്ക് അനുസൃതമായിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xix) വൃത്തിയുള്ളതും അരോഗ്യകരവുമായ അന്തരീക്ഷം ഉറപ്പാക്കുന്നതിന് ജലവിതരണവും മലിനജലസംവിധാനവും ഉൾപ്പെടെയുള്ള സാനിറ്ററി സംവിധാനത്തിന്റെ പരിപാലനത്തിലുള്ള യൂട്ടിലിറ്റികൾ കെട്ടിട പരിസരത്തിലൂടെ നൽകണം.

(xx) ഫലപ്രദമായ ഒരു കെട്ടിട പരിപാലന പരിപാടി ഉണ്ടായിരിക്കണം. കെട്ടിടങ്ങളും ഉപകരണങ്ങളും നല്ല രീതിയിൽ സൂക്ഷിക്കണം.

(xxi) ലൈസൻസുള്ള ക്ലിനിക്കൽ ലബോറട്ടറിയുടെ സേവനം നിർബന്ധമാണ്. എന്നിരുന്നാലും പ്രദേശത്തിനകത്ത് സ്ഥിതി ചെയ്യുന്ന ഒരു സാധാരണ ക്ലിനിക്കൽ ലബോറട്ടറി സഹിതമുള്ള ഒരു സേവന കരാർ അല്ലെങ്കിൽ മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ് നൽകുന്നത് പരിഗണിക്കാവുന്നതാണ്.

(xxii) അധിക സേവനങ്ങൾ (ആവശ്യമനുസരിച്ച്):

(എ) *അടുക്കളപ്രദേശം ഡോക്ടർ നിർദ്ദേശിക്കുന്ന ഭക്ഷണക്രമം അനുസരിച്ച് താഴെപ്പറയുന്ന ക്രമത്തിൽ ആയിരിക്കേണ്ടതാണ്:*

(i) ഭക്ഷണം തയ്യാറാക്കാൻ പാകത്തിനുള്ള വിസ്തീർണ്ണം അടുക്കളയ്ക്ക് ഉണ്ടായിരിക്കേണ്ടതാണ്.

(ii) പാത്രങ്ങൾ കഴുകുന്ന സ്ഥലം പാചകം ചെയ്യുന്ന സ്ഥലത്തുനിന്നും വേർതിരിക്കേണ്ടതാണ്.

(ബി) *മരുന്നുകൾ തയ്യാറാക്കുന്ന സ്ഥലം*:ആശുപത്രിയിൽ മരുന്നുകൾ തയ്യാറാക്കുന്നുണ്ടെങ്കിൽ മാത്രമേ തയ്യാറെടുപ്പ് സ്ഥലം ആവശ്യമുള്ളൂ.

(സി) *ഉപഭോക്തൃസ്റ്റോർസ്ഥലം*:

(1) കസ്യൂമബിൾസ് സ്റ്റോർ ഒരു ആശുപത്രിയുടെ ഭാഗമാകാം. അല്ലെങ്കിൽ വേറിട്ട് സുരക്ഷിതമാക്കാം.

(2) സ്ഥലം നല്ല വായുസഞ്ചാരവും വെളിച്ചവുമുള്ളതുമായിരിക്കണം, ചുവരുകളിൽ നനവോ ഫംഗസ് വളർച്ചയോ ഇല്ലാതെ വൃത്തിയായിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(6) *മെഡിക്കൽ റിക്കാർഡ് റൂം:*—** (i) ആശുപത്രിയിലെ രേഖകളുടെ കണക്കനുസരിച്ച് മെഡിക്കൽ റെക്കോർഡ് റൂം മതിയായ വലിപ്പമുള്ളതായിരിക്കണം.

(ii) ടാംപർ പ്രൂഫ് മെറ്റീരിയലും, ലോക്കിംഗ് സൗകര്യവും ക്യാബിനുകൾ /അലമാരകൾ/ബോക്സുകൾ എന്നിവ ഉണ്ടായിരിക്കണം.

(iii) ശരിയായ തരത്തിലുള്ള അഗ്നിശമന ഉപകരണങ്ങൾ എൻജിനീയറിംഗ് സേവനങ്ങൾ എന്നിവ ഉണ്ടായിരിക്കണം. (50 കിടക്കളിൽ കൂടുതൽ ഉള്ള ആശുപത്രികൾക്ക് ബാധകം)

**(7) ആശുപത്രികളിൽ നൽകേണ്ട മിനിമം ക്ലിനിക്കൽ സേവനങ്ങൾ:—**

| ക്രമ നമ്പർ | സേവനങ്ങൾ | 1 മുതൽ 10 വരെ കിടക്കകൾ | 11 മുതൽ 25 വരെ കിടക്കകൾ | 26 മുതൽ 50 വരെ കിടക്കകൾ | 51 ഉം അതിലധികവും കിടക്കകൾ |
|---|---|---|---|---|---|
| 1 | | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് |
| 2 | മസാജ് | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് |
| 3 | എനിമ | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് |
| 4 | മഡ്ബാത്ത് | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് |
| 5 | കളർ തെറാപ്പി | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | നിർബന്ധമാണ് |
| 6 | തെർമോലിയങ്ങൾ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | നിർബന്ധമാണ് |
| 7 | ഹൈഡ്രോ തെറാപ്പി | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് |
| 8 | ഫിസിയോ തെറാപ്പി | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ |
| 9 | യോഗ തെറാപ്പി | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് |
| 10 | അക്യുപങ്ചർ അക്യുപ്രഷർ | ഓപ്ഷണൽ | ഓപ്ഷണൽ | നിർബന്ധമാണ് | നിർബന്ധമാണ് |
| 11 | ഡയറ്റ് തെറാപ്പി | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് | നിർബന്ധമാണ് |
| 12 | ലബോറട്ടറി | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | നിർബന്ധമാണ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(8) ചികിത്സാ ഉപകരണങ്ങൾ:—**

| ഉപകരണങ്ങൾ | 1 മുതൽ 10 വരെ കിടക്കകൾ | 11 മുതൽ 25 വരെ കിടക്കകൾ | 26 മുതൽ 50 വരെ | 51 മുതൽ 100 വരെ |
|---|---|---|---|---|
| എനിമ സെറ്റ് | 2 | 10 | 15 | 20 |
| ഹിപ് ബാത്ത് ടബ് | 1 | 2 | 10 | 15 |
| സ്പൈനൽ ബാത്ത് ടബ് | 1 | 2 | 10 | 15 |
| സ്പൈനൽ സ്പ്രേ | ഓപ്ഷണൽ | ഓപ്ഷണൽ | 2 | 4 |
| സ്റ്റീം ബാത്ത് ക്യാബിൻ | 1 | 2 | 4 | 6 |
| മഡ് ബാത്ത് റൂം | 1 | 2 | 4 | 6 |
| സ ബാത്ത് ഏരിയ | 1 | 2 | 4 | 6 |
| കാൽ & ആം ബാത്ത് | ഓപ്ഷണൽ | ഓപ്ഷണൽ | 2 | 4 |
| മസാജ് കിടക്കകൾ | 1 | 2 | 3 | 5 |
| സൗന | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| ഇമേർഷൻ ബാത്ത്/മുങ്ങിക്കുളി | ഓപ്ഷണൽ | ഓപ്ഷണൽ | 1 | 2 |
| അണ്ടർ വാ'ർ മസാജ് | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| വേൾപൂൾ ബാത്ത് | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| തെർമോലിയം | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| മാഗ്നെറ്റോ തെറാപ്പി | ഓപ്ഷണൽ | ഓപ്ഷണൽ | 1 | 2 |
| യോഗ മാറ്റുകൾ | ആവശ്യാനുസരണം | ആവശ്യാനുസൃതം | ആവശ്യാനുസൃതം | ആവശ്യാനുസൃതം |
| ഷഡ്ക്രിയകൾക്കുള്ള ഉപകരണങ്ങൾ ആവശ്യാനുസൃതം | ആവശ്യാനുസൃതം | ആവശ്യാനുസൃതം | ആവശ്യാനുസൃതം | ആവശ്യാനുസൃതം |

**(9) മാനവിക വിഭവശേഷി ആവശ്യകതകൾ:**—(i) ആശുപത്രികൾ നൽകുന്ന സേവനങ്ങളുടെ സ്കോപ്പ്, കിടക്കയുടെ എണ്ണം, ആശുപത്രിയുടെ വിസ്തൃതി എന്നിവയെ ആശ്രയിച്ചാണ് ഏതൊരു ആശുപത്രിയുടെയും മാനവിക വിഭവശേഷി ആവശ്യകത. എന്നിരുന്നാലും, പൊതുമേഖലയെ സംബന്ധിച്ചിടത്തോളം ഇത് സർക്കാർ അംഗീകരിച്ച സ്ഥാപനത്തിന് അംഗീകൃത മാനവശേഷി അനുസരിച്ച് ആകാം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | ആവശ്യകതകൾ |
|---|---|
| 1 | രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണർ/സ്പെഷ്യലിസ്റ്റ് ഡോക്ടർ, സംസ്ഥാന/കേന്ദ്ര മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യതയുള്ള ഡോക്ടർ സൈറ്റിൽ 24 മണിക്കൂറും ഉണ്ടാകേണ്ടതാണ്. (കാലാകാലങ്ങളിൽ ബാധകമായ സംസ്ഥാന ഗവൺമെന്റ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് യോഗ്യത നേടുന്ന ഒരാളാണ് യോഗ്യതയുള്ള ഡോക്ടർ) |
| 2 | തെറാപ്പിസ്റ്റ് - യോഗ്യതയുള്ള തെറാപ്പിസ്റ്റ് / ഒരു യുണിറ്റിന് വിദഗ്ധ സഹായി, ഓരോ ഷിഫ്റ്റിനും ആവശ്യാനുസരണം ലഭ്യമാക്കണം. |
| 3 | നിർദ്ദിഷ്ട വ്യവസ്ഥകളും യോഗ്യതകളും അനുസരിച്ച് മറ്റ് സ്റ്റാഫുകൾ. സാഹചര്യത്തിന്റെ ആവശ്യകത ആശ്രയിച്ചായിരിക്കും ഉണ്ടാകേണ്ടത്. |

(ii) ജീവനക്കാരുടെ എണ്ണം ആശുപത്രിയുടെ വിസ്തൃതിയെയും വ്യാപ്തിയെയും ബെഡിന്റെ എണ്ണത്തെയും ആശ്രയിച്ചായിരിക്കും. എന്നിരുന്നാലും വിഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ സ്റ്റാഫ് ആവശ്യകതകൾ സ്വകാര്യമേഖലയിലെ ആശുപത്രിയിൽ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

**സ്റ്റാഫ് പാറ്റേൻ - ക്ലിനിക്കൽ**

| വിഷയം | നിർദ്ദേശിച്ച വിഭാഗവും യോഗ്യതയും |
|---|---|
| ക്ലിനിക്കൽ സ്റ്റാഫുകളുടെ വിഭാഗം | മെഡിക്കൽ<br>മെഡിക്കൽ സൂപ്രണ്ട്<br>ചീഫ് മെഡിക്കൽ ഓഫീസർ<br>റിസർച്ച് ഓഫീസർ<br>മെഡിക്കൽ ഓഫീസർ<br>പാരാമെഡിക്കൽ<br>യോഗ പരിശീലകർ<br>നഴ്സുമാർ<br>ട്രീറ്റ്മെന്റ് അസിസ്റ്റന്റ്സ്<br>ലാബ് ടെക്നിഷ്യൻ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | വിഭാഗം യോഗ്യതയും പരിചയവും ക്ലാസ് |
|---|---|
| 1. | മെഡിക്കൽ സൂപ്രണ്ട് 'എ' ക്ലാസ്സ് രജി. മെഡിക്കൽ പ്രാക്ടീഷണർ എൻ.ജി **(Hyd)** അല്ലെങ്കിൽ ഒരു ക്ലിനിക്കൽ അനുഭവമുള്ള **BNYS** (കുറഞ്ഞത് 10 വർഷം) |
| 2. | ചീഫ് മെഡിക്കൽ ഓഫീസർ ക്ലാസ്സ് 'എ' രജി. ഒരു ക്ലിനിക്കിൽ അനുഭവമുള്ള കുറഞ്ഞത്<br><br>**N.D. Hyd** അല്ലെങ്കിൽ **BNYS** ഉള്ള മെഡിക്കൽ പ്രാക്ടീഷണർ കുറഞ്ഞത് 7 വർഷം |
| 3. | സീനിയർ മെഡിക്കൽ ഓഫീസർ ക്ലാസ്സ് 'എ' രജി. **N.D. Hyd** അല്ലെങ്കിൽ **BNYS** ഉള്ള മെഡിക്കൽ പ്രാക്ടീഷണർ കുറഞ്ഞത് 5 വർഷത്തെ ക്ലിനിക്കൽ അനുഭവം. |
| 4. | റിസർച്ച് ഓഫീസർ ക്ലാസ്സ് 'എ' രജി. കുറഞ്ഞത് 3 വർഷത്തെ ക്ലിനിക്കൽ/അക്കാദമിക്/ഗവേഷണ പരിചയമുള്ള **N.D. Hyd** അല്ലെങ്കിൽ **BNYS** ഉള്ള മെഡിക്കൽ പ്രാക്ടീഷണർ |
| 5. | മെഡിക്കൽ ഓഫീസർ ക്ലാസ്സ് 'എ' രജി. **N.D. Hyd** അല്ലെങ്കിൽ **BNYS** ഉള്ള മെഡിക്കൽ പ്രാക്ടീഷണർ |
| 6. | യോഗ പരിശീലകൻ കുറഞ്ഞത് ഒരു വർഷത്തെ യോഗ ഡിപ്ലോമ അല്ലെങ്കിൽ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും യോഗയിൽ ബിരുദം. |
| 7. | യോഗ തെറാപ്പിസ്റ്റ് ട്രീറ്റ്മെന്റ് അസിസ്റ്റന്റ് ട്രെയിനിംഗ് കോഴ്സ് , യോഗ നാച്ചുറോപ്പതി തെറാപ്പിസ്റ്റ് കോഴ്സ്/ യോഗ പ്രകൃതി ചികിത്സ അസിസ്റ്റന്റ് കോഴ്സ് - കുറഞ്ഞത് 6 മാസത്തെ ഒരു അംഗീകാരമുള്ള ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നും/യോഗ നാച്ചുറോപ്പതി ആശുപത്രിയിൽ തെറാപ്പിസ്റ്റായിട്ട് 2 വർഷ സേവനം അനുഷ്ഠിച്ച് പ്രവർത്തിപരിചയമോ. |
| 8. | പാരാമെഡിക്കുകൾ സർക്കാർ/ആരോഗ്യ അധികാരികളുടെ മാനദണ്ഡങ്ങൾ അനുസരിച്ച് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) ആവശ്യമായ ക്ലിനിക്കൽ സ്റ്റാഫുകളുടെ മിനിമം എണ്ണം:

| വിഭാഗം | 1 മുതൽ 10 കിടക്കകൾ വരെ | 11 മുതൽ 25 വരെ കിടക്കകൾ | 26 മുതൽ 50 വരെ കിടക്കകൾ | 51 ഉം അതിനും മുകളിലും |
|---|---|---|---|---|
| മെഡിക്കൽ സൂപ്രണ്ട് | ഓപ്ഷണൽ | ഓപ്ഷണൽ | 1 | 1 |
| ചീഫ് മെഡിക്കൽ ഓഫീസർ | ഓപ്ഷണൽ | ഓപ്ഷണൽ | 1 | 1 |
| സീനിയർ മെഡിക്കൽ ഓഫീസർ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| മെഡിക്കൽ ഉദ്യോഗസ്ഥർ | 1 | 2 | 2 | 2 |
| ചികിത്സാ സഹായികൾ (പുരുഷൻ + സ്ത്രീ) | 2 | 3 | 5 | 6 |
| യോഗ പരിശീലകൻ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 2 |
| ലാബ് ടെക്നീഷ്യൻ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |

(iv) സ്റ്റാഫ് പാറ്റേൺ നോൺ ക്ലിനിക്കൽ:

| വിഭാഗം | 1 മുതൽ 10 കിടക്കകൾ വരെ | 11 മുതൽ 25 വരെ കിടക്കകൾ | 26 മുതൽ 50 വരെ കിടക്കകൾ | 51 ഉം അതിനും മുകളിലും |
|---|---|---|---|---|
| ഓഫീസ് സൂപ്രണ്ട് | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| ഓഫീസ് അസിസ്റ്റന്റ് | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| കാഷ്യർ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| റിസപ്ഷനിസ്റ്റ് | ഓപ്ഷണൽ | 1 | 1 | 1 |
| ഷെഫ് | ഓപ്ഷണൽ | 1 | 1 | 1 |
| അസിസ്റ്റന്റ് പാചകക്കാർ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| ക്യാന്റീൻ അറ്റൻഡർമാർ | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 1 |
| സ്വീപ്പർ/യൂട്ടിലിറ്റി | 1 | 1 | 2 | 4 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) പ്രകൃതിചികിത്സയ്ക്കും യോഗയ്ക്കും ആവശ്യമായ ഘടനാപരമായ മാനദണ്ഡങ്ങൾ:

**ആശുപത്രികൾ (ചതുരശ്രമീറ്ററിൽ)**

| വിഭാഗം | 1 മുതൽ 10 വരെ കിടക്കകൾ | 11 മുതൽ 25 വരെ കിടക്കകൾ | 26 മുതൽ 50 വരെ കിടക്കകൾ | 51 ന് മുകളിൽ |
|---|---|---|---|---|
| കസൽട്ടേഷൻ & എക്സാമിനേഷൻ | 10 | 10 | 20 | 30 |
| അഡ്മിനിസ്ട്രേഷൻ ഏരിയ | 10 (ഓപ്ഷണൽ) | 10 (ഓപ്ഷണൽ) | 10 | 15 |
| സ്വീകരണം | 10 | 10 | 15 | 20 |
| മസാജ് റൂം | ടി.യു. | 20 | 30 | 50 |
| മഡ് തെറാപ്പി | 10 | 15 | 20 | 30 |
| ജലചികിത്സ | 10 | 15 | 20 | 50 |
| യോഗ ഹാൾ | 20 | 30 | 40 | 60 |
| വാർഡ് | ഓപ്ഷണൽ | ഓപ്ഷണൽ | ഓപ്ഷണൽ | 70 സ്ക്വയർ/ബെഡ് |
| അടുക്കള | 10 | 10 | 15 | 20 |

| ക്രമ നമ്പർ | ഇനങ്ങൾ |
|---|---|
| 1 | സമ്മത ഫോമുകൾ |
| 2 | ഐ.പി.ഡി. രജിസ്റ്റർ |
| 3 | ഒ.പി.ഡി. രജിസ്റ്റർ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 4 | ഡയറ്റ് കാർഡ് |
| 5 | ഡയറ്റ് ഷീറ്റ് |
| 6 | ഡിസ്ചാർജ്ജ് കാർഡുകൾ |
| 7 | ഇൻഡോർ അഡ്മിഷൻ ഫോമും കേസ് ഷീറ്റുകളും |
| 8 | പരാതി/ഫീഡ് ബാക്ക് രജിസ്റ്റർ |
| 9 | സംഭവ റിപ്പോർട്ട് |
| 10 | സപ്ലിമെന്ററി ഷീറ്റുകൾ |
| 11 | താപനില ചാർട്ടുകൾ |
| 12 | ചികിത്സാ കാർഡുകൾ |
| 13 | ഉഫറൻസ് രജിസ്റ്റർ ക്യാഷ് |
| 14 | ക്യാഷ് ബുക്ക് |
| 15 | അക്കൗണ്ട് രജിസ്റ്റർ |

**(10) ഫർണിച്ചർ/ഫിക്സ്ചർ ആവശ്യകതകൾ:—**

| ക്രമ നമ്പർ | പേര് | 1 മുതൽ 10 വരെ കിടക്കകൾ | 11 മുതൽ 25 വരെ കിടക്കകൾ | 26 മുതൽ 50 വരെ കിടക്കകൾ | 50 ന് മുകളിൽ കിടക്കകൾ |
|---|---|---|---|---|---|
| 1 | ഡോക്ടർക്കുള്ള മേശ, കസേര | 1 കസൽട്ടേഷൻ മുറി | 1 കസൽട്ടിംഗ് റൂം | 1- കസൽട്ടിംഗ് റൂം | 1- കസൽട്ടിംഗ് റൂം |
| 2 | രോഗികൾക്കും പരിചാരകർക്കുമുള്ള കസേരകൾ | 2- കസൽട്ടിംഗ് റൂം | 2- കസൽട്ടിംഗ് റൂം | 2- കസൽട്ടിംഗ് റൂം | 2- കസൽട്ടിംഗ് റൂം |
| 3 | എക്സ്-റേ ലോബി | ഓപ്ഷണൽ | 1- കസൽട്ടിംഗ് റൂം | 1- കസൽട്ടിംഗ് റൂം | 1- കസൽട്ടിംഗ് റൂം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| 4 | എക്സാമിനേഷൻ ടേബിൾ (6 അടി ത 2.5 അടി) | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം |
| 5 | സ്ഫിഗ്മോമാനോ മീറ്റർ | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം |
| 6 | സ്റ്റെതസ്കോപ്പ് | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം |
| 7 | ടോർച്ച് | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം |
| 8 | തെർമോമീറ്റർ | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം |
| 9 | വെയ്യിംഗ് മെഷീൻ | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം | 1- കസൾട്ടിംഗ് റൂം |
| 10 | അഗ്നിശമന ഉപകരണം | ഓപ്ഷണൽ | 1 | 2 | 2 |
| 11 | വീൽ ചെയർ | ഓപ്ഷണൽ | ഓപ്ഷണൽ | 1 | 1 |

**(11) ലൈസൻസുകൾ:**—ലൈസൻസിംഗ് ബോഡിയ്ക്കൊപ്പം കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് അനുസരിച്ച് എപ്പോൾ എവിടെ ബാധകമാകുമ്പോൾ ബാധകമായ ഏറ്റവും കുറഞ്ഞ നിയമപരമായ പാലിക്കൽ ഇതിൽ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | നിയമത്തിന്റെ പേര് | ലൈസൻസിംഗ് ബോഡി |
|---|---|---|
| 1 | ഷോപ്പുകളും എസ്റ്റാബ്ലിഷ്മെന്റ് നിയമവും പ്രകാരമുള്ള രജിസ്ട്രേഷൻ | തദ്ദേശ സ്വയംഭരണം |
| 2 | ക്ലിനിക്കൽ കീഴിൽ രജിസ്ട്രേഷൻ സ്ഥാപന നിയമം | തദ്ദേശ സ്വയംഭരണം |
| 3 | ബിൽഡിംഗ് പെർമിറ്റ് (മുനിസിപ്പാലിറ്റിയിൽ നിന്ന്) | തദ്ദേശ സ്വയംഭരണം. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 4 | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സൊസൈറ്റി ആക്ട് 1860 ന് കീഴിലുള്ളത് | സൊസൈറ്റി രജിസ്ട്രേഷൻ ഓഫീസ് |
| 5 | **U/S** 80-5 ആക്ട് സർട്ടിഫിക്കറ്റ് | ആദായനികുതി ഓഫീസ് |
| 6 | 10-ൽ കൂടുതൽ ജീവനക്കാരുണ്ടെങ്കിൽ ഇ.എസ്.ഐ.എസ്. രജിസ്ട്രേഷൻ | ജീവനക്കാരുടെ സ്റ്റേറ്റ് ഇൻഷുറൻസ് കമ്പനി |
| 7 | ലിഫ്റ്റിനുള്ള ലൈസൻസ് | തദ്ദേശ സ്വയംഭരണം |
| 8 | ചീഫ് ഫയർ ഓഫീസറിൽ നിന്ന് നോ ഓബ്ജക്ഷൻ സർട്ടിഫിക്കറ്റ് | അഗ്നി ശമന വകുപ്പ് |
| 9 | 1976 ലെ സ്റ്റാന്റേഡ്സ് ഓഫ് വെയ്റ്റ്സ് ആന്റ് മെഷേഴ്സ് ആക്ട് പ്രകാരം എല്ലാ ആശുപത്രി യൂണിറ്റുകളിലെയും വെയ്യിംഗ് ഉപകരണങ്ങൾക്ക് ക്ലിയറൻസ് നേടുക | അളവും തൂക്കവുംവകുപ്പ് |
| 10 | ടാൻ നമ്പർ | ആദായ നികുതി വകുപ്പ് |
| 11 | പാൻ നമ്പർ | ആദായ നികുതി വകുപ്പ് |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. പി. എം. മുഹമ്മദ് ഹനിഷ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018 ലെ 2-ാം ആക്റ്റ്) 13-ാം വകുപ്പ് 1-ാം ഉപ വകുപ്പ് പ്രകാരം വിവിധ ഭാഗങ്ങളിലെ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ നിലവാരങ്ങൾ നിർണ്ണയിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി ചട്ടങ്ങൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.02.29 10:31:09 +05:30